**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1958** **12-09-2023 - ൽ മറുപടിയ്ക്ക്**

**സ്വിഫ്റ്റ് ബസുകളുടെ പരിപാലനത്തിന് ചെലവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന് നാളിതുവരെ വാടകയിനത്തിൽ കെ.എസ്.ആർ.ടി.സി. എത്ര രൂപ നൽകിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | 2022 ഏപ്രിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസുകൾ സർവ്വീസ് മുതൽ 2023 ജൂൺ 30 വരെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സർവ്വീസ് നടത്തിയ വകയിൽ വാടക ഇനത്തിൽ കെ.എസ്.ആർ.ടി.സി.യിൽ നിന്നും നൽക്കേണ്ട തുക 55.62 കോടി രൂപയും നൽകിയ തുക 32.85 കോടി രൂപയുമാണ്. |
| (ബി) | കെ.എസ്.ആർടി.സി. സ്വിഫ്റ്റ് ബസുകൾക്ക് ഡീസൽ ഇനത്തിൽ നാളിതുവരെ എത്ര രൂപ ചെലവായി; വ്യക്തമാക്കാമോ; | (ബി) | 2022 ഏപ്രിൽ മുതൽ 2023 ജൂൺ 30 വരെയുള്ള കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസുകൾക്ക് ഡീസൽ ഇനത്തിൽ ചെലവായ ആകെ തുക 64.35 കോടി രൂപയാണ്. |
| (സി) | കെ.എസ്.ആർടി.സി. സ്വിഫ്റ്റിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് നാളിതുവരെ എത്ര രൂപ ചെലവായി; | (സി) | 2022 ഏപ്രിൽ മുതൽ 2023 ജൂൺ 30 വരെ സർവീസ് നടത്തിയ വകയിൽ ജീവനക്കാർക്ക് വേതനം നൽകിയ വകയിൽ 15.67 കോടി രൂപ ചെലവായി. |
| (ഡി) | സ്വിഫ്റ്റ് ബസുകൾ മെയിന്റനൻസ് നടത്തിയ ഇനത്തിൽ സ്വിഫ്റ്റ് കമ്പനിക്ക് നാളിതുവരെ എത്ര രൂപ ചെലവായി; വിശദമാക്കാമോ? | (ഡി) | 2022 ഏപ്രിൽ മുതൽ 2023 ജൂൺ 30 വരെ മെയിന്റനൻസ്, ആക്സിഡന്റ് എന്നിവയുടെ റിപ്പയറിംഗിനായി സ്വിഫ്റ്റിൽ നിന്നും നേരിട്ട് ചെലവായ ആകെ തുക 56 ലക്ഷം രൂപയാണ്. |

സെക്ഷൻ ഓഫീസർ